**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** **06-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യഭൂമിയിലെ കണ്ടൽവനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യഭൂമിയിലെ കണ്ടൽവനങ്ങൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനു സർക്കാർ പദ്ധതി ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതിയുടെ ഭാഗമായി സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വനംവകുപ്പ് നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ; എത്ര ഭൂമി വരെയുള്ളവരിൽ നിന്നാണ് ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) | കണ്ടൽക്കാടുകൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെൻറ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻറ്സ്) ആക്റ്റ് 2003, സെക്ഷൻ 4 (1) പ്രകാരം അർഹമായ നഷ്ടപരിഹാര തുക നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മേൽ നിയമത്തിലെ സെക്ഷൻ 15 പ്രകാരം നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ സ്ഥലപരിശോധനയ്ക്കും ശുപാർശയ്ക്കും വിധേയമായിട്ടാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നത്. എത്ര ഭൂമി വരെയുള്ളവരിൽ നിന്നാണ് ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നത് എന്നതിനുള്ള പരിധി നിശ്ചയിച്ചിട്ടില്ല. |
| (സി) | നഷ്ടപരിഹാരമായി നൽകുന്ന തുക സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. 2007-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ചട്ടം 9 പ്രകാരം രൂപീകരിച്ചിട്ടുള്ള നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതിയാണ് സ്ഥലപരിശോധനയ്ക്ക് ശേഷം ഭൂമിയുടെ ഉടമസ്ഥർക്ക് നൽകേണ്ടതായ നഷ്ടപരിഹാരം തീരുമാനിക്കുന്നത്. |
| (ഡി) | ജലാശയങ്ങളിൽ നിന്ന് എത്ര പരിധിക്കുള്ളിലെ സ്വകാര്യഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്നും അറിയിക്കുമോ? | (ഡി) | ജലാശയങ്ങളിൽ നിന്ന് എത്ര പരിധിക്കുള്ളിലെ സ്വകാര്യഭൂമിയാണ് ഏറ്റെടുക്കുന്നത് എന്നതിന് പരിധി നിശ്ചയിച്ചിട്ടില്ല. സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ